ശ്രീ. കെ. കുഞ്ഞമ്പു : പ്രത്യേകമായി കണക്കുകൾ എന്റെ കൈവശമില്ല. ആകെ 47 ആപേക്ഷകൾ കിട്ടിയിട്ടുണ്ട്.

ശ്രീ. പി. എം. കുഞ്ഞിരാമൻ നമ്പ്യാർ: ഇവരുടെ വീടുകൾ മേയുന്നതിനുള്ള സഹായം മഴ തുടങ്ങിയതിനുശേഷമാണു് ഇവർക്കു കൊടുക്കുന്നതു്. ഭരണ മാറ്റം മുൻകൂട്ടിക്കണ്ടുതന്നെ ഈ സഹായം കൊടുക്കുവാൻ വേണ്ട വ്യവസ്ഥകൾ ചെയ്തുവോ ?

ശ്രീ. കെ. കുഞ്ഞമ്പു : പുരകെട്ടുന്നതിനുള്ള സഹായം കൊടുക്കേണ്ടതു ചുമതല ഫിഷറീസ് ഡിപ്പാർട്ടുമെന്റിനുള്ളതല്ല. റവന്യൂ ഡിപ്പാർട്ടുമെന്റു ജില്ലാ കളക്ടർവഴി കൊടുക്കുന്നതാണു്. ഈ കാര്യം റവന്യൂ ഉദ്യോഗസ്ഥന്മാരെ ധരിപ്പിക്കുന്നതാണു്.

തൊഴിൽത്തക്കങ്ങളം

* 614. † [3] ശ്രീ. പി. കുസ്സു്. കാത്തികേയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് തൊഴിലും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ മന്ത്രിസഭ അധികാരത്തിൽ വന്നതിനുശേഷം ഇന്നുവരെ ആകെ എത്ര തൊഴിൽത്തക്കങ്ങളം ഉണ്ടായിട്ടുണ്ടു് ;

(ബി) അവയിൽ എത്ര എണ്ണം ലേബർ ഡിപ്പാർട്ടുമെന്റു് ഇടപെട്ടു സമരം കൂടാതെ തീർത്തിട്ടുണ്ടു് ;

(സി) പണിമുടക്കിലാകെ നഷ്ടപ്പെട്ടിട്ടുള്ള Manpower days എത്ര ;

(ഡി) ഇവയിലേറ്റവും കൂടുതൽ നീണ്ടുനിന്ന പണിമുടക്കു് ഏതാണു്;

(ഈ) ഇവയിലേറ്റവും കൂടുതൽ തൊഴിലാളികൾ പങ്കുകൊണ്ടു നടത്തിയ പണിമുടക്കു് ഏതാണു് ?

ഗതാഗതവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. കെ. ടി. അച്യുതൻ) :

(എ) 7964
(ബി) 6876
(സി) 952060
(ഡി) പീരുമേട്ടിലുള്ള സെമിനിറാഡി തോട്ടത്തിലെ പണിമുടക്കു്.

(ഈ) കണ്ണൻദേവൻ കമ്പനിവക 13 തോട്ടങ്ങളിൽ 20–5–1963–ൽ നടന്ന സൂചനാ പണിമുടക്കിലും, 1962 ജൂലൈ മാസത്തിൽ തൃശ്ശൂർ ജില്ലയിലെ 75 ഓട്ടുകമ്പനികളിൽ നടന്ന പണി മുടക്കിലും ആണു് ഏറ്റവും കൂടുതൽ തൊഴിലാളികൾ പങ്കെടുത്തിരുന്നതു്. 4000–ൽ പരം തൊഴിലാളികൾ വീതം പങ്കെടുത്തിരുന്നു.

ശ്രീ. എം. നാരായണക്കുറുപ്പു് : ഇതിൽ ഏതെങ്കിലും കേസ്സു് നിർബന്ധിത മദ്ധ്യസ്ഥതയ്ക്കു വിട്ടിട്ടുണ്ടോ ?

ശ്രീ. കെ. ടി. അച്യുതൻ : ആർബിട്രേഷൻ പ്രസ്ഥാനം ഗുണകരമാണെന്നു ഇപ്പോൾ ബോദ്ധ്യപ്പെട്ടിരിക്കുകയാണു്, എന്നാൽ എല്ലാ കേസ്സുകളും ആർബിട്രേഷനു വിട്ടിട്ടില്ല. തോട്ടങ്ങളെ സംബന്ധിച്ചിടത്തോളം ഇതിനോടുള്ള പ്രതിബന്ധമനോഭാവം ഇപ്പോൾ മാറിയിട്ടുണ്ടു്.

ശ്രീ. ഇ. പി. ഗോപാലൻ : നിർബന്ധിത മദ്ധ്യസ്ഥതയ്ക്കു വഴങ്ങാത്ത മുതലാളിമാർ ഏതെല്ലാം വിഭാഗത്തിൽപ്പെട്ടവരാണു് ; തോട്ടം തൊഴിലാളികളെ സംബന്ധിച്ചിടത്തോളം ഉള്ള നിലപാടു് മാറിക്കൊണ്ടിരിക്കുന്നുവെന്നു പറഞ്ഞതു് ഉള്ളിൽ ഉള്ള മോഹം പറഞ്ഞതാണോ ; ഏതെല്ലാം കേസ്സും നിർബന്ധിത മദ്ധ്യസ്ഥതയ്ക്കു വിടുന്നതിനായി വന്നിട്ടുണ്ടു് ?

† Put by Shri M. Narayana Kurup.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ടി. അച്യുതൻ : അങ്ങനെ വിട്ടിട്ടുള്ള കേസുകളുടെ വിവരമൊന്നും എന്റെ കൈവശമില്ല. ഈയിടെ കുറച്ചുകേസുകൾ അങ്ങനെ ആർബിട്രേഷനു വിട്ടിട്ടുണ്ടെന്നേറിയാം. എത്രയാണു് എന്നു നമ്പർ തിരിച്ചു പറയുവാൻ സാദ്ധ്യമല്ല.

ശ്രീ. കെ. കൃഷ്ണൻ : എത്ര കാലത്തിനുള്ളിൽ ഇതിനു തീരുമാനമെടുത്തിരിക്കണമെന്നു വ്യവസ്ഥകൾ വല്ലതും ഉണ്ടോ ; അട്ടപ്പാടിയിലെ പോനി പ്രൊഡക്ഷൻസിലെ തൊഴിലാളികൾ തമ്മിലുള്ള തർക്കം ആർബിട്രേഷനു വിട്ടിട്ടു രണ്ടുമൂന്നുമാസമായിട്ടും തീരുമാനം എടുക്കാതിരിക്കുന്നതു് എന്തുകൊണ്ടാണു് ?

ശ്രീ. കെ. ടി. അച്യുതൻ ; എന്റെ ഓർമ്മയിൽനിന്നും പറയുവാൻ സാധിക്കുകയില്ല. അതേപ്പറ്റി അന്വേഷിക്കാം. ആർബിട്രേഷനു വിടുന്നതുതന്നെ ചുരുങ്ങിയ കാലത്തിനുള്ളിൽ തീരുമാനം എടുക്കണമെന്നു കരുതിയാണു്. മൂന്നു മാസത്തിനകം തീരുമാനമെടുക്കണമെന്നാണു് വ്യവസ്ഥ.

ശ്രീ. എസ്സ്. കുമാരൻ : ഗവണ്മെന്റു് ഉടമയിലുള്ള തൊഴിൽ തർക്കങ്ങളും ഇതിൽ പെടുമോ ? എങ്കിൽ ഇതിനകം എത്ര വഴക്കുകൾ ആർബിട്രേഷനു വിട്ടിട്ടുണ്ടു് ?

ശ്രീ. കെ. ടി. അച്യുതൻ : ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട് അങ്ങനെ വിടും. ഗവണ്മെന്റു സ്ഥാപനങ്ങളെ സംബന്ധിച്ചിടത്തോളം ഇങ്ങനെ പാടില്ല.

ശ്രീമതി കെ. ആർ. ഗൗരി : ഒരു തൊഴിൽത്തർക്കം ഉണ്ടാകുകയാണെങ്കിൽ ഇരുഘടകങ്ങളേയും വിളിച്ചുകൂട്ടുന്നതിനു സാമാന്യമായി ലേബർ ഡിപ്പാർട്ടുമെന്റു് എത്ര സമയം എടുക്കുമെന്നു പറയാമോ ?

ശ്രീ. കെ. ടി. അച്യുതൻ : ഒരു മാസത്തിനകം കൗൺസിൽ വിളിച്ചുകൂട്ടി റിപ്പോർട്ടു ചെയ്യണം എന്നാണു് വച്ചിട്ടുള്ളതു്.

ശ്രീമതി കെ. ആർ. ഗൌരി : നാലഞ്ചു പ്രാവശ്യം കൗൺസിൽ വിളിച്ചുകൂട്ടിയിട്ടും മുതലാളിമാരുടെ പ്രതിനിധികൾ ഹാജരാകാതിരിക്കുകയാണെങ്കിൽ ഇതുപോലുള്ള കേസുകൾ ആർബിട്രേഷനു വിട്ടുകൊടുക്കുവാൻ നടപടി സ്വീകരിക്കുമോ ?

ശ്രീ. കെ. ടി. അച്യുതൻ : ഇരു കക്ഷികൾക്കും ഒരു പ്രാവശ്യം അങ്ങോട്ടും ഇങ്ങോട്ടും നീട്ടാൻ അനുവാദം കൊടുക്കും. കൂടുതൽ പ്രാവശ്യം അനുവാദം നൽകാറില്ല.

ശ്രീമതി കെ. ആർ. ഗൌരി : ഉദാഹരണമായി ചേർത്തല ഡിസ്ട്രിക്ടിലെ തൊഴിൽത്തർക്കം തീർക്കുവാൻ കൗൺസിൽ വിളിച്ചുകൂട്ടിയിട്ടു മുതലാളിമാരുടെ പ്രതിനിധികൾ ഹാജരാകാതിരുന്നതിനു എന്തെങ്കിലും നടപടി നടത്താതിരിക്കുന്നതു എന്തുകൊണ്ടാണു് ?

ശ്രീ. കെ. ടി. അച്യുതൻ : അതെപ്പറ്റി അന്വേഷിക്കാം.

സ്ഥിരപ്പെടുത്തിയ ഡ്രൈവർമാരും കണ്ടക്ടർമാരും

* 615. [4] ശ്രീ. പി. സി. ആദിച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഗതാഗതവും തൊഴിലും വകുപ്പുമന്ത്രി ദയവായി മറുപടി നൽകുമോ :

(എ) 1963 ഡിസംബർ 1-ാം തീയതിക്കുശേഷം 1954 ജനുവരി 5-ാം തീയതിക്കകമുള്ള കാലയളവിൽ, ഡെയിലി വേജസിൽ ജോലി ചെയ്യുന്നവരും, 100 മൈലിലധികം ദൂരെ ജോലി ചെയ്യുന്നവരുമായ ഡ്രൈവറേയും, കണ്ടക്ടറേയും സ്ഥിരപ്പെടുത്തിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എത്രപേരെ ;

LIBRARY ARCHIVES Kerala Legislative Assembly